## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5817 | 25/05/2017 ൽ മറുപടിയ്ക്ക്

### ചട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതി

ചോദ്യം
ശ്രീ.കെ.ആൻസലൻ

ഉത്തരം
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര, അമരവിളയിൽ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.വി.ഐ.എൻ.ഡി (റ്റി)3 എന്ന ചട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതി യെക്കുറിച്ച് ലഭിച്ച പരാതിയിൽ നടപടി സ്വീകരിച്ചോ ; | (എ) | നെയ്യാറ്റിൻകര, അമരവിളയിൽ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.വി.ഐ.എൻ.ഡി (റ്റി)3 എന്ന ചട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ലഭിച്ച പരാതിയിന്മേൽ ബോർഡിലെ അസിസ്റ്റന്റ് രജിസ്ട്രാർ, സംഘം സന്ദർശിച്ച് പരാതിയെപ്പറ്റി അന്വേഷിച്ച് 19/04/2017 ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്രമക്കേടിനെ സംബന്ധിച്ച് ആഡിറ്റ് റിപ്പോർട്ടിൽ പരാമർ ശിച്ചിട്ടുണ്ടോ ; അതിന്മേൽ സംഘം ഭാരവാഹികളോട് വിശദീകരണം ആവശ്യപ്പെട്ടോ ; | (ബി) | ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് ജില്ലാ, സംസ്ഥാന ഖാദി ബോർഡ് സെക്രട്ടറിമാർക്ക് പലപ്രാവശ്യം പരാതി നൽകിയിട്ടും അന്വേഷണം നടത്താൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഏതെങ്കിലും സർക്കാർ ഏജൻസിയെ കൊണ്ട് പ്രസ്തുത അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | കെ.വി.ഐ.എൻ.ഡി (റ്റി)3 എന്ന ചട്ടുകൽ വ്യവസായ സഹകരണ സംഘത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ടി സംഘത്തിലെ അംഗമായ ശ്രീ.എസ്. വിജയൻ മുതൽ പേർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരനായ ശ്രീ.എസ്.വിജയനെ നേരിൽ കണ്ട് മൊഴി എടുക്കുകയും മേൽ നടപടികൾക്കായി പരാതിയും അനുബന്ധ രേഖകളും ഖാദി ബോർഡ് സെക്രട്ടറിയുടെ പേർക്ക് അയച്ചു കൊടുത്ത് അന്വേഷണം നടത്തി റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഖാദി ബോർഡ് |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലാ ഓഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ അന്വേഷണറിപ്പോർട്ട് ഇപ്പോൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ